**416**

*രീതി: മാനുവേൽ മനുജസുത*

1 സർവ്വവും സമർപ്പിക്കുന്നു ഞാൻ-ജീവ
സർവ്വവുമാം വല്ലഭാ! തിരുക്കരങ്ങളിൽ

2 ചിത്തവും ബുദ്ധിശക്തിയും-പ്രിയൻ
ദത്തം ചെയ്തിട്ടുള്ള സർവ്വ താലന്തുകളും-

3 നാവുമെന്നധരങ്ങളും-ദാസൻ
മേവിടുന്ന കാലം ഭൂമൗ നിന്നെ സ്തുതിക്കും

4 സർവേന്ദ്രിയങ്ങളെയും ഞാൻ-മനഃ
പൂർവ്വമിന്നർപ്പിച്ചിടുന്നു ജീവബലിയായ്

5 വസ്തു സമ്പത്തും ഭവനം-നിന്റെ
നിസ്തുലസ്നേഹത്താൽ തന്ന മക്കളെയും ഞാൻ

6 ഇല്ലെനിക്കൊന്നും ഭൂമിയിൽ-ഇനി
ചൊല്ലിടുന്നതിന്നു മമ സ്വന്തമെന്നു ഞാൻ- **E.I.J.**